കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 10 | 2018 |
|---|---|



ശബരിമല പത്രക്കുറിപ്പ്-1

മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

---

## മകരവിളക്ക്: ഭസ്മക്കുളം ജലശുദ്ധീകരണം ഇരട്ടിയാക്കി

ശബരിമല: മകരവിളക്കിന്റെ തിരക്ക് കണക്കിലെടുത്ത് ഭസ്മക്കുളത്തിലെ ജലശുദ്ധീകരണം ര ുതലങ്ങളിലായി വർധിപ്പിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥിരം ശുദ്ധീകരണത്തോടൊപ്പം കൊക്കർണിയിൽ നിന്ന് കവിഞ്ഞൊഴുകുന്ന വെള്ളം ഭസ്മക്കുളത്തിലേയ്ക്ക് തിരിച്ചുവിട്ടാണ് ശുദ്ധീകരണ നിരക്ക് ഇരട്ടിയാക്കിയിട്ടുള്ളത്. മണിക്കൂറിൽ 8000 ലിറ്റർ ജലമെന്ന നിരക്കിൽ ഭസ്മക്കുളത്തിൽ എത്തിച്ച് ശുദ്ധജലത്തിന്റെ സ്വാഭാവികത നിലനിർത്താനും ഇതുവഴി സാധിക്കും. കൊക്കർണിയിൽ നിന്ന് തീർത്ഥാടകർ വിരിവെയ്ക്കുന്ന ഭാഗത്തേയ്ക്ക് വെള്ളം കവിഞ്ഞൊഴുകുന്നതും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടു ്.

കൊൽക്കർണിയിലെ വെള്ളം നിറഞ്ഞൊഴുകുന്നത് തീർത്ഥാടകർക്ക് അസൗകര്യമു ാക്കുന്നതായി കഴിഞ്ഞദിവസം നടത്തിയ അവലോകന യോഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മോട്ടോർ സ്ഥാപിച്ച് ഭസ്മക്കുളത്തിലേയ്ക്ക് വെള്ളം തിരിച്ചുവിടാൻ തീരുമാനമായത്. 1956ന് കുന്നാർ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് മുൻപ് സന്നിധാനത്ത് ആവശ്യമായ വെള്ളത്തിന് ആശ്രയിച്ചിരുന്ന ജലസ്രോതസ്സാണ് കൊക്കർണി. മലനീകരണ നിയന്ത്രണബോർഡിന്റെ പുതിയ മാനദണ്ഡം നിലവിൽവന്നശേഷം നിയന്ത്രിതമായി മാത്രമാണ് കൊക്കർണിയിലെ വെള്ളം ഉപയോഗിക്കുന്നതെന്നും അധികൃതർ പറഞ്ഞു.

(പി.ആർ. ശബരി 429)

## തിരക്ക്: കുട്ടികൾ കൂട്ടംതെറ്റാതിരിക്കാൻ ജാഗ്രതവേണം

ശബരിമല: മകരവിളക്ക് ദർശനത്തിനുള്ള തീർത്ഥാടകരുടെ തിരക്ക് വർധിച്ച സാഹചര്യത്തിൽ കുട്ടികൾ കൂട്ടം തെറ്റാതിരിക്കാൻ പ്രത്യേക ജാഗ്രത വേണമെന്ന് അഗ്നിസുരക്ഷാസേന അറിയിച്ചു. കുട്ടികളുടെ പേരും വിലാസവുമടങ്ങുന്ന തിരിച്ചറിയൽരേഖ ടാഗുകളായി കുട്ടികളെ ധരിപ്പിക്കാൻ തീർഥാടകർ ശ്രദ്ധിക്കണം. കുറഞ്ഞത് മൂന്ന് കോ ാക്ട് നമ്പരുകളും കുട്ടികളുടെ കൈവശമു ാകണം. തിക്കിലും തിരക്കിലും ഒറ്റപ്പെട്ടാൽ ഉടൻതന്നെ കുട്ടികളെ ഒപ്പംവന്നവർക്കരികിൽ എത്തിക്കാൻ ഇത് സഹായകമാകുമെന്ന് ഫയർ ആന്റ് റെസ്ക്യൂ സന്നിധാനം സ്പെഷ്യൽ ഓഫീസർ ടി രജീഷ് അഭിപ്രായപ്പെട്ടു.

(പി.ആർ. ശബരി 430)

## അഗ്നിസുരക്ഷ: ഒരുക്കങ്ങൾ ഊർജ്ജിതമാക്കി

ശബരിമല: മകരവിളക്കിന് മുന്നോടിയായി അഗ്നിസുരക്ഷാസേന ഒരുക്കങ്ങൾ ഊർജ്ജിതമാക്കി. മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള സ്റ്റാളുകളിൽ അഗ്നിസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തി. ര ുമീറ്റർ വീതിയും നാലുമീറ്റർ നീളവുമുള്ള ചെറുസ്റ്റാളുകളിൽ പാചകം നടത്താൻ അനുവാദം നൽകിയിട്ടില്ല. ഇത്തരം സ്റ്റാളുകളിൽ പാചകം ചെയ്യുന്നത് തീപിടിത്ത സാധ്യത വർധിപ്പിക്കുമെന്നതിനാലാണ് ഇത്. സന്നിധാനത്തെ ക്യൂ കോംപ്ലക്സിന് സമീപം ഗ്യാസ് സിലി ർ ഉപയോഗിച്ച് പാചകം നടത്തുന്നതായി ക ത്തിയിട്ടു ്. ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടു ്.

സന്നിധാനത്തെ നടപ്പന്തൽ മേൽപ്പാലത്തിലൂടെ തീർത്ഥാടകർ താലത്തിൽ കർപ്പൂരം കത്തിച്ച് നടക്കുന്നത് സുരക്ഷാഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഇത് തടയാനും നടപടി സ്വീകരിക്കും. സന്നിധാനത്തെ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ നേരിട്ട് വിലയിരുത്തി നിർദേശങ്ങൾ നൽകുന്നതിന് ഫയർഫോഴ്സ് ഡിവിഷണൽ ഓഫീസർ(ടെക്നിക്കൽ) ആർ പ്രസാദ് 13, 14, 15 ദിവസങ്ങളിൽ സന്നിധാനത്ത് ക്യാമ്പ് ചെയ്യും. വരും ദിവസങ്ങളിൽ സുരക്ഷാപരിശോധന കർശനമാക്കാനാണ് തീരുമാനം. ഫയർ ആന്റ് റെസ്ക്യൂ സ്പെഷ്യൽ ഓഫീസർ ടി രജീഷ്, സ്റ്റേഷൻ ഓഫീസർ ശിവകുമാർ എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

(പി.ആർ. ശബരി 431)

## ആരോഗ്യപ്രശ്നമുള്ളവർ ദീർഘനേരം ക്യൂ നിൽക്കരുത്: ആരോഗ്യവകുപ്പ്

ശബരിമല: അയ്യപ്പദർശനത്തിനെത്തുന്ന തീർത്ഥാടകരിൽ ആരോഗ്യപ്രശ്നമുള്ളവർ ദീർഘനേരം ക്യൂ നിൽക്കുന്നത് ഒഴിവാക്കണമെന്ന് സന്നിധാനത്തെ ആരോഗ്യവകുപ്പ് നോഡൽ ഓഫീസർ ഡോ. ജി സുരേഷ്ബാബു അറിയിച്ചു. ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ രോഗങ്ങളുള്ളവർ ഏറെനേരം ക്യൂ നിൽക്കുന്നത് അഭികാമ്യമല്ല. പതിവായി കഴിക്കുന്ന മരുന്നുകൾ കൈവശം കരുതാൻ തീർത്ഥാടകർ പ്രത്യേകം ശ്രദ്ധപുലർത്തണമെന്നും നോഡൽ ഓഫീസർ പറഞ്ഞു. അസ്വസ്ഥതകൾ അനുഭവപ്പെടുന്നവരെ തീർത്ഥാടനപാതയിലെ എമർജൻസി ഹെൽത്ത് സെന്ററുകളിൽ എത്തിക്കാൻ ഒപ്പമുള്ള തീർത്ഥാടകർ ശ്രദ്ധിക്കണം. പമ്പ മുതൽ സന്നിധാനംവരെ 18 ഇടങ്ങളിൽ അത്യാഹിത പരിശോധനാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ്. ഇവിടെ പരിചയം സിദ്ധിച്ച പാരാമെഡിക്കൽ ജീവനക്കാരുടെ സേവനം എപ്പോഴും ലഭ്യമാണെന്നും ഡോ. ജി സുരേഷ്ബാബു പറഞ്ഞു.

മകരവിളക്ക് ദർശനത്തിനുള്ള തിരക്ക് പരിഗണിച്ച് പമ്പയിലും സന്നിധാനത്തും കൂടുതൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടു ്. പമ്പയിൽ ഒരു മെഡിക്കൽ ഓഫീസർക്കും ചാർജ്ജ് ഓഫീസർക്കും പുറമെ കർണാടകയിൽനിന്ന് അഞ്ച് മെഡിക്കൽ ഓഫീസർമാരെയും പുതുതായി നിയോഗിച്ചിട്ടു ്. സന്നിധാനത്തും കർണാടകയിൽനിന്ന് കൂടുതൽ ഡോക്ടർമാർ അടുത്തദിവസം എത്തിച്ചേരും. ആവശ്യമായ തോതിൽ മരുന്നുകളും ലഭ്യമാണെന്നും ആരോഗ്യവകുപ്പ് നോഡൽ ഓഫീസർ വ്യക്തമാക്കി.

(പി.ആർ. ശബരി 432)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 10 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# റെയ്ഡ് തുടരുന്നത് തീർത്ഥാടകർക്ക് ആശ്വാസമാകുന്നു

ശബരിമല: സന്നിധാനത്ത് വിലവിവരപ്പട്ടികയും ലൈസൻസ് സർട്ടിഫിക്കറ്റും പ്രദർശിപ്പിക്കാത്ത വാണിജ്യസ്ഥാപനങ്ങൾ അടച്ചുപൂട്ടുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് സന്തോഷ്കുമാർ. വിവിധഭാഗങ്ങളിൽ വാണിജ്യാവകാശ ലൈസൻസ് നേടിയിട്ടുള്ള പത്തോളം സ്ഥാപനങ്ങൾ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സംഘം പരിശോധിച്ചു. ശബരിമലയിലും പരിസരങ്ങളിലും ക്യൂ കോംപ്ലക്സുകളിലും ലഘുഭക്ഷണശാല നടത്താനുള്ള കുത്തകാവകാശത്തിൽ വെൻഡിങ് മെഷീൻ ഉപയോഗിച്ച് കാപ്പി, ചായ എന്നിവ തയ്യാറാക്കുന്നതിന് മാത്രമേ അനുവാദമുള്ളു. ലഘുഭക്ഷണശാലകളിൽ പാചകവാതകം ഉപയോഗിച്ച് പാചകം ചെയ്തിരുന്നത് ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സംഘം റെയ്ഡ് നടത്തി നീക്കിച്ചു.

അവകാശത്തിൽ അനുവദിക്കാത്ത വസ്തുക്കളുടെ വിൽപ്പന, ലോട്ടറി വിൽപ്പന എന്നിവയും നിർത്തിച്ചിട്ടു ്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത സ്റ്റാളുകൾ ഉടൻ പ്രദർശിപ്പിക്കണമെന്ന് മജിസ്ട്രേറ്റ് അന്ത്യശാസനം നൽകി. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ജെ നാരായണൻ, ജൂനിയർ സൂപ്ര ് കെ എസ് സന്തോഷ്കുമാർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ വി കെ പ്രേമൻ, റേഷനിങ് ഇൻസ്പെക്ടർ എൽ പി സജി, വില്ലേജ് ഓഫീസർ എന്നിവരുടെ സ്ക്വാഡാണ് പരിശോധന നടത്തിയത്. പരിശോധന രാത്രികാലങ്ങളിലും വനാതിർത്തികളിലേയ്ക്കും വ്യാപിപ്പിക്കുമെന്നും ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു.

(പി.ആർ. ശബരി 433)

# ഭക്ഷ്യസുരക്ഷ: ക്രമക്കേടുകൾ അറിയിക്കാൻ ട്രോൾഫ്രീ നമ്പർ

ശബരിമല: വ്യാപാരസ്ഥാപനങ്ങൾക്ക് മുന്നിലെ പ്രദർശനബോർഡിൽ രേഖപ്പെടുത്തിയുള്ളതിൽ നിന്നും അളവിലോ, തൂക്കത്തിലോ വ്യത്യാസമോ, ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാവിഭാഗത്തെ അറിയിക്കണമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. 1800 4251125 എന്ന ട്രോൾഫ്രീ നമ്പരിലാണ് വിവിരമറിയിക്കേ ത്. സന്നിധാനത്തും പരിസരങ്ങളിലും എക്സൈസ് വകുപ്പ് നടത്തിയ റെയ്ഡിൽ 100 പായ്ക്കറ്റ് ഹാൻസ്, 90 പായ്ക്കറ്റ് പുകയിലപ്പൊടി, 120 പായ്ക്കറ്റ് ബീഡി, 80 തീപ്പെട്ടി എന്നിവ പിടികൂടി നശിപ്പിച്ചു. സി.ഐ. കെ കെ അനിൽകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് റെയ്ഡ് നടത്തിയത്. ശബരിമലയിൽ ഡ്യൂട്ടിയിലുള്ള വിവിധ നിരീക്ഷണസംഘങ്ങളും പരിശോധന ശക്തമാക്കിയിട്ടു ്. സന്നിധാത്തെ ഭിക്ഷാടനത്തിലേർപ്പെട്ടിരുന്ന തമിഴ്നാട് തിരുവണ്ണാമല സ്വദേശിനി കാശിഅമ്മ(65)യെ പിടികൂടി പോലീസിന് കൈമാറി.

(പി.ആർ. ശബരി 434)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 10 | 2018 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ്-3



മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

## നാടെങ്ങും വിളവൊരുക്കാൻ ഗുരുസ്വാമിമാരുടെ കുഞ്ഞുതെങ്ങുകൾ

ശബരിമല: പതിനെട്ടുവർഷം പതിനെട്ടാംപടി ചവിട്ടി പെരിയസ്വാമിമാരാകുന്ന തീർത്ഥാടകർ അയ്യപ്പന് സമർപ്പിക്കുന്ന കുഞ്ഞുതെങ്ങുകൾ മലയാളനാടും കടന്നുള്ള യാത്രയ്ക്ക് ഒരുങ്ങുകയാണ്. വിവിധദേശങ്ങളിൽ നിന്ന് വിവിധയിനങ്ങളിൽപ്പെട്ട തെങ്ങിൻ തൈകളാണ് സ്വാമിമാർ അയ്യപ്പന് സമർപ്പിക്കാനെത്തിക്കുന്നത്. ഇവ ഭസ്മതീർത്ഥകുളത്തിന് സമീപം നടന്നുതോടെ സമർപ്പണം പൂർത്തിയാകും. ഗുരുസ്വാമി അഥവാ പെരിയസ്വാമിയായാണ് പിന്നീട് ഇവർ ആദരിക്കപ്പെടുക. തെങ്ങുതൈ നീക്കാൻ കരാറെടുത്തിരിക്കുന്നവർ പുതിയ സമർപ്പണത്തിന് സ്ഥലമൊരുക്കുന്നതിനായി സമർപ്പിച്ച തെങ്ങിൻ തൈകൾ പിഴുത് നീക്കും. ഇവയിൽ ഗുണനിലവാരമുള്ളവ വീ ും മലയിറങ്ങും; പുതിയ ദേശത്തേയ്ക്ക്, പുതിയ മണ്ണിലേയ്ക്ക്... നിലയ്ക്കൽ മുതൽ കന്യാകുമാരിവരെയും സംസ്ഥാനത്തിന് പുറത്തും വിവിധ നഴ്സറികളിലൂടെ അവ വിറ്റഴിക്കപ്പെടുന്നു. പെരിയസ്വാമിമാരുടെ കുഞ്ഞുതെങ്ങുകൾ വലിയ വിളവ് നൽകുമെന്ന വിശ്വാസത്തോടെ....

(പി.ആർ. ശബരി 435)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.